# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1602 18 .06.2012 - ലെ മറുപടിക്ക്

### പി.എസ്.സി. ജില്ലാതല വെയിറ്റേജ് മാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | പി. എസ്. സി. ജില്ലാതല വെയിറ്റേജ് മാർക്ക് ഏതെല്ലാം കാറ്റഗറിക്കാണ് നൽകിവരുന്നതെന്നും ആയത് എത്ര യാണെന്നും വ്യക്തമാക്കുമോ ; | (എ) | എല്ലാ ജില്ലാതല തെരഞ്ഞെടുപ്പു കരംക്കും(നേരിട്ടുള്ള നിയമനം), ക്ലാസ് / കാറ്റഗറി ഭേദമന്യേ അതാത് ജില്ലയിൽ പ്പെട്ട ഉദ്യോഗാർത്ഥികരംക്ക്, നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, KS&SSR - ലെ ചട്ടം 5 A പ്രകാരം, 5 മാർക്ക് വെയിറ്റേജായി അനുവദി ക്കുന്നു. |
| (ബി) | വെയിറ്റേജ് മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നിയമപരമായ പ്രശ്നങ്ങരം നിലനിൽക്കുന്നുണ്ടോ ; | (ബി) | വെയിറ്റേജ് മാർക്ക് നൽകുന്നതിനുള്ള വ്യവസ്ഥ (റൂരം 5 A) റദ്ദാക്കി ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടികരം സ്വീകരിച്ചു; വിശദമാക്കുമോ ; | (സി) | ബഹു. ഹൈക്കോടതിയുടെ വിധി ന്യായത്തിനെതിരെ പബ്ലിക് സർവ്വീസ് കമ്മീഷൻ ഫയൽ ചെയ്ത അപ്പീൽ (W A. 618/12) കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തി ന്മേൽ അപ്പീൽ ഫയൽ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു |
| (ഡി) | വയനാട്, ഇടുക്കി, കാസർഗോഡ് പോലുള്ള പിന്നോക്കജില്ലകളിൽ മറ്റ് ജില്ല കളിൽ നിന്നും ഉദ്യോഗാർത്ഥികരം വന്ന് പരീക്ഷ എഴുതി ജോലി നോക്കുന്നതായും പ്രസ്തുത ജില്ലക്കാർക്ക് ജോലി കിട്ടാൻ അവസരം കുറയുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉദ്യോഗാർത്ഥികരംക്ക് ഏത് ജില്ലയിൽ വേണമെങ്കിലും അപേക്ഷിക്കാനുള്ള അവസരം നിലവിലുണ്ട്. ജില്ലാടിസ്ഥാ നത്തിലുള്ള നിയമനങ്ങരംക്കുള്ള വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികരം ഒരു തസ്തികക്ക് ഒരു ജില്ലയിൽ മാത്രമേ അപേക്ഷിക്കാവൂ എന്ന് മാത്രമാണ് നിലവിൽ വ്യവസ്ഥ ഉള്ളത്. |

| | | |
|---|---|---|
| (ഇ) | എങ്കിൽ ആയതു 'പരിഹരിക്കാൻ ജില്ല മാറി എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതിയ ജില്ലയിൽ 5 വർഷം ജോലി ചെയ്യണം എന്നത് 10 വർഷമാക്കി വർദ്ധിപ്പിച്ച് ജില്ല മാറി എഴുതുന്നവരുടെ എണ്ണം കുറയ്ക്കുകയും പ്രസ്തുത ജില്ലക്കാർക്ക് ജോലിക്ക് കൂടുതൽ അവസരം ലഭിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ ; | (ഇ) യും (എഫും) ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | എങ്കിൽ ആയതു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ